**പതിമൂന്നാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2618** 19.3.2015 ന് മറുപടിയ്ക്ക്

# ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വർക്കല കഹാർ :<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :<br>ശ്രീ. സണ്ണി ജോസഫ് :<br>ശ്രീ. എം.പി.വിൻസെന്റ് : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ വിവിധ മേഖലയിൽ തൊഴിൽ നൈപുണ്യം സൃഷ്ടിക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ എന്ന സ്ഥാപനത്തെ എപ്രകാരം പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ ; | (എ) സംസ്ഥാനത്ത് കൺസ്ട്രക്ഷൻ മേഖലകളിലെ തൊഴിലാളികൾക്കും പ്രൊഫഷണലുകൾക്കും വിദഗ്ധ തൊഴിൽ പരിശീലനം നൽകി, കൺസ്ട്രക്ഷൻ രംഗത്ത് പ്രത്യേക വൈദഗ്ധ്യമുള്ള തൊഴിലാളി കളെയും പ്രൊഫഷണലുകളെയും വാർത്തെടുത്ത് ആവശ്യാനുസരണം സംഭാവന ചെയ്യുക വഴി സംസ്ഥാനത്തെ തൊഴിലില്ലായ്മക്ക് പരിഹാരം കാണുക എന്നതാണ് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷൻ (IIIC) എന്ന സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം. |
| (ബി) സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ : | (ബി) IIIC മുഖേന ആധുനിക ലോകത്ത് കൺസ്ട്രക്ഷൻ മേഖലയിൽ നിപുണരായ തൊഴിലാളികളെയും പ്രൊഫഷണലുകളെയും വാർത്തെടുത്ത് അവർക്ക് തൊഴിൽ ലഭ്യത ഉറപ്പുവരുത്തുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. National Construction College, UK തുടങ്ങിയ ലോകോത്തര നിലവാരത്തിലുള്ള സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി IIIC യെ അന്താരാഷ്ട്ര നിലവാരമുള്ള സ്ഥാപനമായി വാർത്തെടുക്കുന്നതിന് ലക്ഷ്യമിടുന്നു. |
| (സി) ഏതൊക്കെ മേഖലയിലാണ് തൊഴിൽ നൈപുണ്യം സൃഷ്ടിക്കാനുദ്ദേശിക്കുന്നത് ? | (സി) ഹൈടെക് ഓട്ടോമേഷൻ & മെക്കാട്രോണിക്സ്, ഓയിൽ & റിഗ്, റീട്ടെയിൽ, സെക്യൂരിറ്റി, ഹോസ്പിറ്റാലിറ്റി, കൺസ്ട്രക്ഷൻ, നഴ്സിംഗ്, ഏവിയേഷൻ, ജെംസ് & ജ്വല്ലറി തുടങ്ങിയ മേഖലകളിലാണ് തൊഴിൽ നൈപുണ്യം സൃഷ്ടിക്കാനുദ്ദേശിക്കുന്നത്. പുതിയ മേഖലകൾ വരുന്ന മുറയ്ക്ക് അതാത് മേഖലകളിൽ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങൾ സൃഷ്ടിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ